**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .5462      18-11-2019 -ൽ മറുപടിക്ക്

## പ്രളയാനന്തര നാശനഷ്ടങ്ങളുടെ വിലയിരുത്തൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ.രാമചന്ദ്രൻ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ**<br>**ശ്രീ.വി.ആർ.സുനിൽകുമാർ** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | 2019-ലെ പ്രളയത്തിലും ഉരുൾപൊട്ടലിലും സംസ്ഥാനത്തിനുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. 2019-ൽ കേരളത്തിലുണ്ടായ പ്രളയ നാശനഷ്ട കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡ പ്രകാരം 2101.881 കോടിയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| ബി) | പ്രളയക്കെടുതികളെത്തുടർന്ന് കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭ്യമായിട്ടുണ്ടോ; | ബി) | 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രം അടിയന്തിര സഹായം അനുവദിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേയ്ക്കുള്ള 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് ലഭിച്ചിട്ടുണ്ട്. |
| സി) | ഇനിയൊരു പ്രളയമുണ്ടായാൽ ഇതുവരെ ഉണ്ടായ അളവിൽ ഭൗതീക,സാമ്പത്തിക, മനുഷ്യവിഭവ, പാരിസ്ഥിതിക നഷ്ടം ഉണ്ടാകുന്നില്ല എന്നുറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ; | സി) & ഡി) | പ്രളയ ദുരന്തത്തിന്റെ പാഠങ്ങൾ കൂടി ഉൾക്കൊണ്ട് കൊണ്ട് ദുരന്ത സമയങ്ങളിൽ വിവര സംവേദനത്തിന് തടസം നേരിടാതിരിക്കുവാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satellite Phone) നൽകി. പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കുവാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖ പ്രകാരം നിർണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ് സന്ദേശങ്ങളായി നൽകുവാൻ Location Based Messaging System എന്ന സാങ്കേതിക വിദ്യ |
| ഡി) | സംസ്ഥാനത്ത് നടക്കുന്ന നിർമ്മാണങ്ങൾ പരിസ്ഥിതിക്ക് വലിയ ആഘാതം ഏല്പിക്കുന്നില്ല എന്നുറപ്പ വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | നടപ്പാക്കുവാൻ നടപടി ആരംഭിച്ചു<br>United Nations Development Programme, United Environment Programme, SPHERE India എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ 14 ജില്ലകളിലും, സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സഹായമേകാൻ അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി.<br>രണ്ട് ദിവസം അടുപ്പിച്ചു മഴ പെയ്താൽ, അത്തരം വില്ലേജുകളിൽ ഉള്ള പാറമടകളിൽ പാറ പൊട്ടിക്കുന്നത്, മഴ പെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നതു വരെ നിർത്തിവെക്കുവാൻ ഉത്തരവ് നൽകുവാൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശം നല്കിയിട്ടുണ്ട്.<br>ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും, സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2019 ലെ ശക്തമായ മഴയെ തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങൾ വേഗത്തിൽ പരിശോധിച്ച് ജനവാസയോഗ്യം ആണോ അല്ലയോ എന്ന് വ്യക്തമായ ശാസ്ത്രീയ ശിപാർശ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ്, മൈനിങ് ആന്റ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി കേരളത്തിൽ 50 സംഘങ്ങളെ നിയോഗിച്ചു. കണ്ണൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ പരിശോധന നടത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് |

| | | | |
|---|---|---|---|
| | | | ശിപാർശകൾ നല്കി. ഇപ്രകാരം പരിശോധനയിൽ കണ്ടെത്തിയ വാസയോഗ്യമല്ലാത്ത വീടുകളിൽ നിന്ന് മാറി താമസിക്കുന്നതിനായി ഓരോ വീടിനും 10 ലക്ഷം രൂപ നിരക്കിൽ നൽകി വരുന്നു. |
| ഇ) | നദികളുടെ ഇരുകരയിലുമുള്ള സ്വാഭാവിക ഫ്ലഡ്‌ലൈൻ മേഖലയിൽ നടത്തിയ കയ്യേറ്റങ്ങളും നിർമ്മാണങ്ങളും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഇ) | കൈയ്യേറ്റമുള്ളതായി ലഭിക്കുന്ന പരാതികളിൽ പ്രത്യേക സർവ്വെ ടീമിനെ നിയോഗിച്ച് സർവ്വെ ചെയ്ത് കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും കേരള ഭൂസംരക്ഷണ നിയമപ്രകാരം പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| എഫ്) | പരിസ്ഥിതി ദുർബല പ്രദേശങ്ങളെ പൂർവ്വ ആവാസ വ്യവസ്ഥയിലേക്ക് മടക്കിക്കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | എഫ്) | പാരിസ്ഥിതിക സമ്മർദ്ദം ലഘൂകരിക്കുന്ന തരത്തിലുള്ള പുനർനിർമ്മാണം എന്നത് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നാണ്. പാരിസ്ഥിതിക സൗഹാർദ മാനദണ്ഡങ്ങൾ പാലിച്ച്കൊണ്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളെ നേരിടാനുള്ള ശേഷിയോടെ ആസ്തികൾ പുനർ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പശ്ചിമഘട്ട സംരക്ഷണത്തി നായി കേന്ദ്ര സർക്കാർ നിയമിച്ച കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 123 വില്ലേജുകളിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടെയുള്ളതാണ് കരട് വിജ്ഞാപനം.<br>പരിസ്ഥിതി ദുർബല പ്രദേശങ്ങളെ പൂർവ്വ ആവാസ വ്യവസ്ഥയിലേയ്ക്കക്ക് മടക്കി കൊണ്ട് വരുന്നതിന് ഭാവിയിൽ നടപടി സ്വീകരിക്കുന്നതും, പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ടുള്ള മറ്റ് വകുപ്പുകളുടെയും (വനം വകുപ്പ്, ജൈവവൈവിധ്യബോർഡ്) സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ